# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6045** **28.10.2011 ന് മറുപടിയ്ക്ക്**

<u>ഹോട്ടലുകൾക്ക് സ്റ്റാന്റേർഡൈസേഷൻ</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :<br>,, പി. കെ. ബഷീർ :<br>,, പി. ഉബൈദുള്ള :<br>,, എം. ഉമ്മർ : | ശ്രീ.റ്റി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം, പാചകച്ചെലവുകൾ എന്നിവ കണക്കിലെടുത്ത് ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിലവാരത്തിന് സ്റ്റാന്റേർഡൈസേഷൻ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ബി) വില നിലവാരം പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ നടപ്പാക്കുന്നതുകൊണ്ടുമാത്രം അമിതവില ഈടാക്കുന്നതു തടയാനാവില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി)<br>ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ആവശ്യമായ നിയമം ഇപ്പോൾ നിലവിലില്ല. ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം, പാചകച്ചെലവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഭക്ഷണ സാധനങ്ങളുടെ വില നിലവാരത്തിൽ സ്റ്റാന്റേർഡൈസേഷൻ ഏർപ്പെടുത്തുന്നതിനായി ഹോട്ടലുകൾക്ക് ഗ്രേഡിംഗ് നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.<br>വില നിലവാരം പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ നടപ്പാക്കുന്നതുകൊണ്ടുമാത്രം അമിതവില ഈടാക്കുന്നതു തടയാനാവില്ല. |
| (സി) മിതമായ നിരക്കിൽ ഗുണനിലവാരമുള്ള ഭക്ഷണം സാധാരണക്കാർക്ക് ഉറപ്പുവരുത്താൻ സർക്കാർ പരിഗണനയിലുള്ള നടപടികൾ വിശദമാക്കുമോ ? | (സി)സർക്കാർ നിശ്ചയിക്കുന്ന കുറഞ്ഞ വിലയ്ക്ക് ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്നതിലേയ്ക്കായി ഓരോ താലൂക്കിലും 2 വീതം മാവേലി ഹോട്ടലുകൾ തുടങ്ങുവാനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ടി പദ്ധതിയുടെ പ്രാരംഭ നടപടിയായി ജില്ലാ സപ്ലൈ ഓഫീസർമാരോട് മാവേലി ഹോട്ടലുകൾ നടത്തുവാൻ തയ്യാറുള്ളവരെ തിരഞ്ഞെടുത്ത്, റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു |

കൂടാതെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും വിൽക്കുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ വില നിലവാരം പ്രദർശിപ്പിക്കുവാനും അങ്ങനെ ചെയ്യാത്തവർക്കെതിരെ 1977 ലെ കേരളാ ഫുഡ് സ്റ്റഫ്സ്(ഡിസ് പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ് ) ഓർഡർ പ്രകാരം കർശനമായ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോട്ടലുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതോടെ ഇക്കാര്യത്തിൽ കൂടുതൽ പുരോഗതി കൈവരിക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ